**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 104** — **14-03-2022 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് റോഡുകളുടെ അതിർത്തികൾ വേർതിരിച്ച് കല്ലുകൾ സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ് | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് റോഡുകളുടെ അതിർത്തികൾ വേർതിരിച്ച് കല്ലുകൾ സ്ഥാപിക്കുന്ന ജോലി ഒരു സ്പെഷ്യൽ ഡ്രൈവിലൂടെ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ റീസർവ്വെ നടപടികൾ പൂർത്തിയാക്കിയ 913 വില്ലേജുകളിലും PWD റോഡ് ഉൾപ്പെടെയുള്ള എല്ലാ ഭൂമികളും സർവ്വെ ചെയ്ത് റിക്കാർഡുകൾ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ഭൂരേഖകൾ ഡിജിറ്റലായി തയ്യാറാക്കുന്നതിന്റെ ഭാഗമായി 1550 വില്ലേജുകൾ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് 4 വർഷം കൊണ്ട് ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ വകുപ്പിൽ ആരംഭിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽ സ.ഉ(സാധാ)നം.829/2021/പൊ.മ.വ തീയതി 13/09/2021 പ്രകാരം District Infrastructure Co-ordination Committee രൂപീകരിച്ചിട്ടുള്ളതും ടി കമ്മിറ്റിയിൽ ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കുന്നതിനും അതുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ പ്രശ്നങ്ങൾക്ക് മുൻഗണനാക്രമത്തിൽ പരിഹാരം കാണുന്നതിനും നടപടികൾ എടുത്തു വരുന്നു. ഇക്കാര്യത്തിൽ എല്ലാ മാസവും മന്ത്രിതലത്തിലുള്ള അവലോകനവും നടത്തി വരുന്നു. |
| (ബി) | സർവ്വെ കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ് പൊതുമരാമത്ത് വകുപ്പിൽ നിന്ന് ഈടാക്കി റവന്യൂ വകുപ്പിന്റെ സാങ്കേതിക സഹായത്തോടെ പ്രസ്തുത ജോലികൾ പൂർത്തിയാക്കുന്നതിന് സർവ്വെ വിഭാഗം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (ബി) | റീസർവ്വെയുടെ ഭാഗമായി PWD റോഡ് ഉൾപ്പെടെയുള്ള എല്ലാ പുറമ്പോക്കുകളുടെയും അതിർത്തികൾ സർവ്വെ കല്ലുകളോ അടയാളങ്ങളോ സ്ഥാപിച്ചാണ് റവന്യൂ വകുപ്പ് സർവ്വെ നടപടികൾ നിർവ്വഹിക്കുന്നത്. |
| (സി) | പൊതുമരാമത്ത് റോഡുകൾ കൈയ്യേറുന്നത് ശാശ്വതമായി തടയുന്നതിന് സർവ്വെ ജോലികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പൊതുമരാമത്ത് അധികൃതർ ആവശ്യപ്പെടുന്ന മുറയ്ക്ക് റോഡ് കൈയ്യേറ്റം തിട്ടപ്പെടുത്തു- ന്നതുമായി ബന്ധപ്പെട്ട സർവ്വെ ജോലികൾ നിർവഹിക്കുന്നതിനാവശ്യമായ സർവ്വെ ജീവനക്കാരെ നിയോഗിക്കുന്നതിന് ബഹു. റവന്യൂ മന്ത്രിയോട് ആവശ്യപ്പെടുകയും അതനുസരിച്ച് എല്ലാ ജില്ലാ |

| | | | |
|---|---|---|---|
| | | | സർവ്വെ മേധാവികൾക്കും സർവ്വേ വകുപ്പ് നിർദേശം നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുള്ളതുമാണ്. സംസ്ഥാനത്തിന്റെ ഡിജിറ്റൽ സർവ്വെ പൂർത്തിയാകുന്നതൊടെ പൊതുമരാമത്ത് റോഡുകൾ ഉൾപ്പടെ എല്ലാ ഭൂപ്രദേശത്തിന്റെയും ഡിജിറ്റൽ റിക്കാർഡ്സ്- കൾ തയ്യാറാകുന്നതും, കൃത്യമായ ഭൂരേഖകളുടെ അടിസ്ഥാനത്തിൽ കൈയ്യേറ്റങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ